# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2977

02.04.2013-ൽ മറുപടിയ്ക്ക്

### പൊന്നാനി ടി.ബി.-കച്ചേരിപ്പടി റോഡിന്റെ നിർമ്മാണം

| ചോദ്യം<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച പൊന്നാനി ടി.ബി.-കച്ചേരിപ്പടി റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ തുടങ്ങാത്തതിന്റെ കാരണം വിശദമാക്കുമോ; | (എ) മാർച്ച് മാസം 21 ന് പ്രസ്തുത റോഡിന്റെ പ്രവൃത്തി തുടങ്ങിയിട്ടുണ്ട്. വെള്ളക്കെട്ടുകൾ വരുന്ന ഭാഗങ്ങൾ ഉയർത്തി നിർമ്മാണം നടത്തേണ്ടിയിരുന്നതിനാലും എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിക്കാത്ത മുനിസിപ്പാലിറ്റിയുടെ നിർദ്ദേശപ്രകാരമുള്ള അനുബന്ധ റോഡുകളുടേയും കാനകളുടേയും നിർമ്മാണം ഉൾപ്പെടുത്തി പ്രവൃത്തി ചെയ്യേണ്ടി വന്നതിനാലുമാണ് റോഡ് പണി തുടങ്ങുവാൻ വൈകിയത്. |
| (ബി) പ്രസ്തുത റോഡ് തകർന്നുകിടക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) പ്രസ്തുത റോഡ് എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നറിയിക്കുമോ; | (സി) ഏപ്രിൽ 25-നു മുൻപ് റോഡ് ബി.എം & ബി.സി പണി തീർക്കാനാകുമെന്ന് കരുതുന്നു. |
| (ഡി) കാലവർഷം തുടങ്ങുന്നതിനുമുൻപ് പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) കാലവർഷം തുടങ്ങുന്നതിനു മുൻപ് പണി പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ